(സി) പുതിയതായി തൊഴിലവസരങ്ങളൊന്നും ഉണ്ടാകുന്നില്ല. കൈത്തറി മേഖലയിൽ നിലവിലുള്ളവരിൽ 20,000 തൊഴിലാളികളേയും, കയർ വ്യവസായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളിൽ ഏകദേശം 40,000 പേരേയും 7-ാം പദ്ധതിക്കാലത്ത് സഹകരണമേഖലയിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കശുവണ്ടി സംഭരണം

* 80 [85] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ സംഭരണം സംബന്ധിച്ച് ഈ വർഷം ഗവൺമെൻറ് പൊതുവായ എന്തെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കശുവണ്ടിക്ക് കുത്തകസംഭരണമോ തറവിലയോ നിശ്ചയിക്കാത്തതുമൂലം സ്വകാര്യ കച്ചവടക്കാർ കശുവണ്ടി കർഷകരെ ചൂഷണം ചെയ്തും സമ്മർദ്ദം ചെലുത്തിയും കുറഞ്ഞ വിലയ്ക്ക് കശുവണ്ടി വാങ്ങി തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും കടത്തുകയാണെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 10-3-1986 വരെ കാപ്പക്സും കാഷ്യൂ കോർപ്പറേഷനും എത്ര കശുവണ്ടി സംഭരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) 1983-ൽ ഗവൺമെൻറ് അംഗീകരിച്ച് നടപ്പാക്കിവരുന്ന നയം അനുസരിച്ചുള്ള നടപടികൾ തന്നെയാണ് തുടർന്ന് ഈ വർഷവും ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഇതനുസരിച്ച് കശുവണ്ടിവികസന കോർപ്പറേഷനും സംസ്ഥാന കശുവണ്ടി തൊഴിലാളി വ്യവസായ സഹകരണ സംഘവും കമ്പോളത്തിൽ നിന്ന് നേരിട്ട് അവർക്ക് ആവശ്യമുള്ള തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കശുവണ്ടി അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നത് ഫലപ്രദമായി തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 10-3-1986 വരെ കാപ്പക്സും കശുവണ്ടി കോർപ്പറേഷനും സംഭരിച്ചിട്ടുള്ള കശുവണ്ടിയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

കാപ്പക്സ്—അളവ്

1985–86 2218.689 മെട്രിക്ടൺ (ഉണക്കിയ കശുവണ്ടി).

463.224 മെടിക് ടൺ (ഉണക്കാത്ത കശുവണ്ടി)
(10–3–1986 വരെ)

കാഷ്യൂ കോർപ്പറേഷൻ

1984	നാടൻ	12,570 മെട്രിക് ടൺ
	ആഫ്രിക്കൻ	10,273 മെട്രിക് ടൺ
1985	നാടൻ	5325 മെട്രിക് ടൺ
	ആഫ്രിക്കൻ	5675 മെട്രിക് ടൺ
1986 (10–3–1986 വരെ)		500 മെട്രിക്ടൺ

സൂപ്പർ ടാക്സ് കുടിശ്ശിക

* 81. [86] ശ്രീ. ടി. കെ. ഹംസ :

,, എസ്. ഗോവിന്ദകുറുപ്പ് :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ടാക്സ് കുടിശ്ശിക എന്ന ഇനത്തിൽ പ്രതിമാസം എന്തു തുക വീതം കെ. എസ്. ആർ. ടി. സി. യിൽ നിന്നും ഗവൺമെൻറ് ഈടാക്കുന്നു.

(ബി) 1985–86–ൽ 28–2–1986 വരെ ഈ ഇനത്തിൽ കെ. എസ്. ആർ. ടി. സി. സർക്കാരിനു നൽകിയ തുക എത്ര?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) സൂപ്പർ ടാക്സ് എന്നൊരു ഇനം ഇല്ല. പ്രതിമാസം സർച്ചാർജ് ഇനത്തിൽ തുക സർക്കാരിനു കൊടുക്കാറില്ല. എന്നാൽ പുതിയ ബസ്സുകൾ റോഡിലിറക്കുമ്പോൾ ടാക്സും സർച്ചാർജും, ചേർത്തുള്ള തുക ഗവൺമെൻറ് ഈടാക്കുന്നുണ്ട്. അതോടൊപ്പം സംസ്ഥാനാന്തര സർവ്വീസുകൾക്ക് സർചാർജും ടാക്സും ചേർത്തുള്ള തുക മൂന്നു മാസത്തിലൊരിക്കൽ ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly